സഹകരണ സ്ഥാപനങ്ങളും നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റും

152 (377) പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റുകളിൽ എന്തു തുക നിക്ഷേപിച്ചിട്ടുണ്ട് ;

(ബി) എന്നു മുതലാണ് സഹകരണ സ്ഥാപനങ്ങൾ നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റുകളിൽ തുക നിക്ഷേപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റുകളിൽ തുക നിക്ഷേപിച്ച സഹകരണ സ്ഥാപനങ്ങൾക്ക് വായ്പയായി അപേക്ഷിച്ചിട്ടുള്ള എല്ലാ അപേക്ഷകൾക്കും കാർഷിക വായ്പ നൽകുവാൻ കഴിഞ്ഞിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഇപ്രകാരം തുക നിക്ഷേപിച്ച സഹകരണ സംഘങ്ങളുടെ മേൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 51.69 കോടി രൂപ നിക്ഷേപിച്ചിട്ടുണ്ട്.

(ബി) 1975 മുതൽ.

(സി) ഉണ്ട്.

(ഡി) ഉത്തരം 'സി' യുടെ വെളിച്ചത്തിൽ ബാധകമല്ല.

നീതിസ്റ്റോറുകൾ

153 (378) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നീതി സ്റ്റോറുകൾ പൊതുവിപണിയിലെ വില നിലവാരം നിയന്ത്രിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ ;

(ബി) 2001 ജനുവരി 31-ാം തീയതിയിലെ നീതിസ്റ്റോറിലെ നിത്യോപയോഗ സാധനങ്ങളുടെ വിലയും ഓപ്പൺ മാർക്കറ്റിലെ സാധനങ്ങളുടെ വിലയും വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് ഓരോ ജില്ലയിലും ഇപ്പോൾ എത്ര നീതി സ്റ്റോറുകൾ വീതമുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇവയിൽ ഓരോ ജില്ലയിലും ലാഭത്തിൽ പ്രവർത്തിക്കുന്നവ എത്ര ; നഷ്ടത്തിൽ പ്രവർത്തിക്കുന്നവ എത്ര ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നീതി സ്റ്റോറുകളുടെ പ്രവർത്തനം പൊതുവിപണിയിലെ വിലനിലവാരം നിയന്ത്രിച്ച് നിറുത്തുന്നതിന് വലിയൊരു അളവ് വരെ സഹായകരമായിട്ടുണ്ട്.

(ബി) 2001 ജനുവരി 31-ാം തീയതിയിൽ നീതി സ്റ്റോറിലെയും ഓപ്പൺ മാർക്കറ്റിലെയും വിലനിലവാരം താഴെ പറയുന്നപ്രകാരമായിരുന്നു.

		നീതി സ്റ്റോർ കി.ഗ്രാമിന് രൂപ	ഓപ്പൺ മാർക്കറ്റ് കി.ഗ്രാമിന് രൂപ
1.	അരി (തൈച്ചുണ്ട്)	11.00	11.25-11.50
2.	1001	11.25	11.50-11.75
	സ്വ.മസൂറി	11.50	11.75-11.80
	ജയ(എ.പി)	14.00	14.50
	ജയ (എം.പി/പഞ്ചാബ്)	11.50	12.00
	കുറുവ	12.25	13.00
	ക്രാന്തി	12.00	13.00
	മട്ട	12.00/12.30	12.50-13.50
	പച്ചരി	9.25	10.00-10.50
	മുളക്	38.00	40.00
	ചെറുപയർ (ഫസ്റ്റ് ക്വാളിറ്റി)	25.50	26.50
	കടല	30.00	30.00
	ഉഴുന്നുപരിപ്പ്	38.00	40.00
	തുവര പരിപ്പ്	27.00	30.00
	പീസ് പരിപ്പ്	14.00	16.00
	മല്ലി	37.50	39.40
	പഞ്ചസാര	15.00	15.25

(സി&ഡി) നീതിസ്റ്റോറുകൾ ലാഭമോ നഷ്ടമോ ഇല്ലാതെ പ്രവർത്തിക്കണം എന്നാണ് ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ പ്രവർത്തനക്ഷമതയുടെ അടിസ്ഥാനത്തിൽ ചില സ്റ്റോറുകൾ ലാഭത്തിലും ചിലത് നഷ്ടത്തിലും പ്രവർത്തിക്കുന്നു എന്നു കണ്ടിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ജില്ല	ആകെ പ്രവർത്തിക്കുന്നി നീതി സ്റ്റോറുകൾ	ലാഭത്തിൽ പ്രവർത്തിക്കുന്നവ	നഷ്ടത്തിൽ പ്രവർത്തിക്കുന്നവ
തിരുവനന്തപുരം	85	37	48
കൊല്ലം	89	50	39
പത്തനംതിട്ട	47	19	28
ആലപ്പുഴ	66	49	17
കോട്ടയം	73	35	38
ഇടുക്കി	36	11	25
എറണാകുളം	67	29	38
തൃശ്ശൂർ	75	35	40
പാലക്കാട്	52	14	38
മലപ്പുറം	78	15	63
കോഴിക്കോട്	64	31	33
വയനാട്	17	11	6
കണ്ണൂർ	69	35	34
കാസർകോട്	37	11	26
	855	382	473

LIBRARY ARCHIVES Kerala Legislative Assembly

പ്രാഥമിക ബാങ്കുകളിൽ സ്ഥിരം നിയമനം

154 (379) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ റിക്രൂട്ട്മെന്റ് ബോർഡ് നിലവിൽ വരുന്നതിന് മുമ്പ് അനിവാര്യമായ സാഹചര്യത്തിൽ പ്രാഥമിക ബാങ്കുകളിൽ സ്ഥിര നിയമനം നടത്തുന്നതിന് രജിസ്ട്രാർ പ്രത്യേക അനുമതി നൽകാറുണ്ടോ ; എങ്കിൽ പ്രസ്തുത സാഹചര്യങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) അനിവാര്യമായ സാഹചര്യത്തിൽ രജിസ്ട്രാറുടെ പ്രത്യേക അനുമതിയോടെ സർക്കാർ ഏജൻസികളെകൊണ്ട് പരീക്ഷ നടത്തി പ്രാഥമിക ബാങ്കുകളിൽ സ്ഥിരനിയമനം നൽകാമെന്ന ഉത്തരവിന് നിദാനമായ ഹൈക്കോടതി വിധിയുടെ പകർപ്പ് ലഭ്യമാക്കുമോ ;